**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 നവംബർ 1

# വാർത്താക്കുറിപ്പ്

## വികസനത്തിന്റെ പുതിയ ഉയരങ്ങളിലേക്ക് ഒന്നിച്ചു നീങ്ങണം-വൈസ് ചാൻസലർ

മഹാത്മാ ഗാന്ധി സർവകലാശാലയെ വികസനത്തിന്റെ പുതിയ ഉയരങ്ങളിലേക്ക് നയിക്കാൻ കൂട്ടായ പരിശ്രമം വേണമെന്ന് വൈസ് ചാൻസലർ പ്രഫ. സാബു തോമസ് പറഞ്ഞു. മലയാള ദിനാഘോഷത്തിന്റെയും ഭരണ ഭാഷാ വാരാഘോഷത്തിന്റെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പരിമിതികൾക്കു നടുവിൽ പ്രവർത്തനമാരംഭിച്ച സർവകലാശാല പിന്നിട്ട വർഷങ്ങളിൽ സമാനതകളില്ലാത്ത വളർച്ചയാണ് കൈവരിച്ചത്. അധ്യാപകരും അനധ്യാപകരും വിദ്യാർഥികളും ഉൾപ്പെടെ എല്ലാവരും നടത്തിയ ആത്മാർത്ഥമായ അധ്വാനമാണ് ഇതിന് ഊർജ്ജം പകർന്നത്. സമത്വം, സാമൂഹ്യനീതി, മതേതരത്വം, സുസ്ഥിര വികസനം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ആധുനികവത്കരണ പദ്ധതികൾ വിജയകരമായി നടപ്പാക്കുന്നതിനും എല്ലാവരുടെയും പിന്തുണ വേണ്ടതുണ്ട് - അദ്ദേഹം പറഞ്ഞു.

സർവകലാശാല അസംബ്ലി ഹാളിൽ നടന്ന ചടങ്ങിൽ പ്രോ-വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു. രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, പബ്ലിക് റിലേഷൻസ് ഓഫീസർ ജസ്റ്റിൻ ജോസഫ് എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ./39/1560/2022)

## പരീക്ഷ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല  ഇന്ന് (നവംബർ 2) നടത്താനിരുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് യു.ജി റെഗുലർ, പ്രൈവറ്റ് പരീക്ഷകൾ മാറ്റിവച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ./39/1561/2022)

## അപേക്ഷ നൽകാം

ഒന്നു മുതൽ എട്ടു വരെ സെമസ്റ്റർ ബി.ടെക്. (2010 അഡ്മിഷൻ സ്പെഷ്യൽ മെഴ്‌സി ചാൻസ്) പരീക്ഷകൾക്ക് പിഴ കൂടാതെ നവംബർ 17 വരെയും പിഴയോടു കൂടി നവംബർ 18 നും സൂപ്പർഫൈനോടു കൂടി നവംബർ 19 നും അപേക്ഷ നൽകാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ.

..............................

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2014 മുതൽ 2016 വരെ അഡ്മിഷൻ റീ-അപ്പിയറൻസ്, 2013 അഡ്മിഷൻ മെഴ്‌സി ചാൻസ്), ബി.എസ്.സി. സൈബർ ഫോറൻസിക് (2014 മുതൽ 2018 വരെ അഡ്മിഷൻ റീ-അപ്പിയറൻസ്) ബിരുദ പരീക്ഷകൾക്ക് നവംബർ 28 മുതൽ ഡിസംബർ ഒന്നു വരെ അപേക്ഷിക്കാം.
പിഴയോടു കൂടി ഡിസംബർ രണ്ടു മുതൽ അഞ്ചു വരെയും സൂപ്പർഫൈനോടു കൂടി ഡിസംബർ ആറു മുതൽ ഒൻപതു വരെയും അപേക്ഷ സ്വീകരിക്കും. വിശദാംശങ്ങൾ വെബ്സൈറ്റിൽ.

..............................

ആറാം സെമസ്റ്റർ ബി.വോക് (2018, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി- പുതിയ സ്കീം) ബിരുദ പരീക്ഷകൾക്ക് നവംബർ 21 മുതൽ 23 വരെ അപേക്ഷ നൽകാം. പിഴയോടു കൂടി നവംബർ 24 നും സൂപ്പർഫൈനോടു കൂടി നവംബർ 25 നും അപേക്ഷ സ്വീകരിക്കും.

..............................

അഞ്ചാം സെമസ്റ്റർ ബി.വോക് (2018, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി, പുതിയ സ്കീം) ബിരുദ പരീക്ഷകൾക്ക് നവംബർ 10 മുതൽ 15 വരെ അപേക്ഷ നൽകാം. പിഴയോടു കൂടി നവംബർ 16 നും സൂപ്പർഫൈനോടു കൂടി നവംബർ 17 നും അപേക്ഷിക്കാം.

..............................

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിന്റെ പത്താം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2017 അഡ്മിഷൻ റഗുലർ, 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾക്ക് നവംബർ 16 വരെ അപേക്ഷ നൽകാം. പിഴയോടു കൂടി നവംബർ 17 നും സൂപ്പർഫൈനോടു കൂടി നവംബർ 18 നും അപേക്ഷ സ്വീകരിക്കും. റെഗുലർ വിദ്യാർഥികൾ 240 രൂപയും വീണ്ടും എഴുതുന്നവർ ഒരു പേപ്പറിന് 40 രൂപ നിരക്കിൽ (പരമാവധി 240 രൂപ) പരീക്ഷാ ഫീസിനൊപ്പം സി.വി. ക്യാമ്പ് ഫീസ് അടയ്ക്കണം.

(പി.ആർ.ഒ./39/1562/2022)

## പ്രാക്ടിക്കൽ

ഈ വർഷം ആഗസ്റ്റിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.വോക് അനിമേഷൻ ആൻഡ് ഗ്രാഫിക് ഡിസൈൻ (പുതിയ സ്കീം, 2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ ഏഴു മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1563/2022)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എം.എ. സോഷ്യോളജി പി.ജി.സി.എസ്.എസ്. സപ്ലിമെന്ററി (നവംബർ 2021) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 15 വരെ ഓൺലൈനിൽ അപേക്ഷ നൽകാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ.

.........................

മൂന്ന്, നാല് സെമസ്റ്റർ എം.എ. ഇസ്ലാമിക് ഹിസ്റ്ററി (2019 അഡ്മിഷൻ, പ്രൈവറ്റ് രജിസ്ട്രേഷൻ - സെപ്റ്റംബർ 2021) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1564/2022)

## പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് ; സമയപരിധി നീട്ടി

മഹാത്മാഗാന്ധി സർവകലാശാലയിൽ 2022 വർഷത്തേക്ക് സോഷ്യൽ സയൻസസ് വകുപ്പിൽ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിന് (മുഴുവൻ സമയ ഗവേഷകർക്ക്) അപേക്ഷിക്കുന്നതിനുള്ള സമയപരിധി നവംബർ നാലു വരെ നീട്ടി.

(പി.ആർ.ഒ./39/1565/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**